ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ ജനങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the government is committed to accelerate necessary reforms to enhance the ease of living of the people of the country.**

2. അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തിയും നിലനിർത്താൻ ഇന്ത്യയും ചൈനയും നടത്തുന്ന ശ്രമങ്ങളാണ് ഉഭയകക്ഷി ബന്ധത്തിന്റെ അടിസ്ഥാനമെന്ന് വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ.

   **External Affairs Minister S. Jaishankar said that the efforts made by India and China to maintain peace and tranquility in the border areas are the basis of bilateral relations.**

3. രാജ്യത്തെ തുറമുഖങ്ങളുടെ അടിയന്തര സാഹചര്യങ്ങൾ, സുരക്ഷ എന്നിവ ഉറപ്പാക്കുന്ന ഇന്ത്യൻ തുറമുഖ ബിൽ 2025, പാർലമെന്റ് പാസാക്കി.

**The Indian Ports Bill 2025, which ensures emergency situations and security of the country's ports, was passed by the Parliament.**

4. **കേരളത്തിൽ ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.**

**IMD has said that heavy rains are likely to continue in Kerala; Orange alert in Wayanad, Kannur and Kasaragod districts; Holiday for educational institutions in Palakkad district today.**

5. **കസാക്കിസ്ഥാനിൽ നടക്കുന്ന ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ ഇന്ത്യയുടെ ഗിരീഷ് ഗുപ്തയ്ക്ക് സ്വർണം.**

**India's Girish Gupta wins gold in the men's 10m air pistol event at the Asian Shooting Championship in Kazakhstan.**

&&&&&&&&&&&&&&&&&&&&&&

## PM-HIGH LEVEL MEETING

രാജ്യത്തെ ജനങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിനും, വ്യാപാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇതുമായി ബന്ധപ്പെട്ട ഉന്നതതല യോഗത്തിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി സാമൂഹ്യ മാധ്യത്തിൽ കുറിച്ചതാണ് ഇക്കാര്യം. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയും ഭരണവും ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള

തന്ത്രപരമായ നയങ്ങൾ രൂപീകരിക്കുക എന്നിവ ലക്ഷ്യമിട്ടായിരുന്നു യോഗം.

&&&&&&&&&&&&&&&&&&&&&&

## PM – SHUKLA

ആക്സിയം 4 ദൗത്യത്തിന്റെ ഭാഗമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ആദ്യ ഇന്ത്യക്കാരനായ, ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. ബഹിരാകാശ യാത്രയിലെ അനുഭവങ്ങൾ, ശാസ്ത്ര സാങ്കേതിക മേഖലയിലെ പുരോഗതി, ഗഗൻയാൻ ദൌത്യം എന്നിവയുൾപ്പെടെ നിരവധി വിഷയങ്ങളെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തതായി പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&&&

## S JAISHANKAR -WANG YI (INTRO)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി കേന്ദ്രമന്ത്രി എസ്.ജയ്ശങ്കറുമായി കൂടിക്കാഴ്ച നടത്തി. അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തിയും നിലനിർത്താൻ ഇരുപക്ഷത്തുനിന്നും നടത്തുന്ന ശ്രമങ്ങളാണ് ഉഭയകക്ഷി ബന്ധങ്ങളിലെ അടിസ്ഥാനമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ്- വോയിസ് )

സാമ്പത്തിക-വ്യാപാര ബന്ധങ്ങൾ, അതിർത്തി വ്യാപാരം, എന്നിവ ഉൾപെടെ വിവിധ വിഷയങ്ങളിൽ ഇരു നേതാക്കളും ചർച്ച നടത്തി. ഇന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവുമായ അജിത് ഡോവലുമായി ചൈനീസ് വിദേശകാര്യ മന്ത്രി അതിർത്തി പ്രശ്നങ്ങൾ ചർച്ച ചെയ്യുമെന്ന് എസ്.ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## PORTS BILL

ഇന്ത്യൻ തുറമുഖ ബിൽ 2025, പാർലമെന്റ് പാസാക്കി. ലോക്സഭ നേരത്തെ പാസാക്കിയ ബിൽ ഇന്നലെ രാജ്യസഭ അംഗീകരിക്കുകയായിരുന്നു. വൻകിട തുറമുഖങ്ങൾ ഒഴികെയുള്ള തുറമുഖങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന മാരിടൈം ബോർഡുകൾ സ്ഥാപിക്കുക, തുറമുഖങ്ങളിലെ മലിനീകരണം, ദുരന്തങ്ങൾ, അടിയന്തര സാഹചര്യങ്ങൾ, സുരക്ഷ എന്നിവ കൈകാര്യം ചെയ്യാൻ വ്യവസ്ഥയുണ്ടാക്കുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&&&&&

## NHAI-TOLL PLAZA

മീററ്റ്-കർണാൽ ദേശീയ പാതയിലെ ഭൂനി ടോൾ പ്ലാസയിൽ സൈനിക ഉദ്യോഗസ്ഥരോട് മോശമായി പെരുമാറിയതിന് ടോൾ പിരിവ് ഏജൻസിക്കെതിരെ പിഴ ചുമത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. 20 ലക്ഷം രൂപയാണ് പിഴ ചുമത്തിയത്. ദേശീയ പാതകളിൽ സുരക്ഷിതവും സുഗമവുമായ യാത്ര ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് എൻഎച്ച്എഐ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## PM-PUTIN CALL

പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ടെലിഫോൺ സംഭാഷണം നടത്തി. അലാസ്കയിൽ യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി നടത്തിയ കൂടിക്കാഴ്ച സംബന്ധിച്ച വിവരങ്ങൾ റഷ്യൻ പ്രസിഡന്റ് പങ്കു വച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. യുക്രൈനുമായുള്ള സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടതായും

സമാധാനത്തിനുള്ള എല്ലാ ശ്രമങ്ങളെയും പിന്തുണക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## TRUMP-ZELENSKY MEET

റഷ്യ-യുക്രൈൻ യുദ്ധത്തിന് അതിവേഗം പരിഹാരം കണ്ടെത്തുന്നത് ലക്ഷ്യമിട്ട് ഇരുരാജ്യങ്ങളിലേയും പ്രസിഡന്റുമാർ തമ്മിൽ ഉടൻ കൂടിക്കാഴ്ച നടത്തുമെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. യുക്രൈൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി, ഉന്നത യൂറോപ്യൻ നേതാക്കൾ തുടങ്ങിയവരുമായി കഴിഞ്ഞ ദിവസം വൈറ്റ് ഹൌസിൽ നടത്തിയ ചർച്ചയ്ക്ക് ശേഷം റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി സംസാരിച്ചതായും അദ്ദേഹം പറഞ്ഞു. പുടിൻ-സെലെൻസ്കി ചർച്ചകൾക്ക് അമേരിക്ക-റഷ്യ-യുക്രൈൻ ത്രികക്ഷി സമ്മേളനം നടത്താനും തീരുമാനമായിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## SC UNIVERSITY

കേരളത്തിലെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ സ്ഥിരം വൈസ് ചാൻസലർ നിയമനത്തിൽ, സെർച്ച് കമ്മറ്റിയുടെ ചെയർപേഴ്സണായി റിട്ട. ജഡ്ജി സുധാൻഷു ധൂലിയയെ നിയമിച്ച് സുപ്രീം കോടതി. സർക്കാരും ചാൻസലറും നൽകിയ പട്ടികയിൽ നിന്ന് ചെയർപേഴ്സൺ രണ്ട് സർവകലാശാലകൾക്കുമായുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കും. അഞ്ചംഗ സെർച്ച് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ പേരുകൾ കൈമാറാൻ കേരള സർക്കാരിനോടും ചാൻസലറായ ഗവർണറോടും സുപ്രീംകോടതി നേരത്തെ നിർദേശിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&

## AMOEBIC

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. കോഴിക്കോട് മെഡിക്കൽ കോളെജിൽ രോഗ ലക്ഷണങ്ങളോടെ മൂന്ന് മാസം പ്രായമുളള കുട്ടി ഉൾപ്പടെ രണ്ട് പേരാണ് ചികിൽസയിൽ കഴിയുന്നത്. കടുത്ത തലവേദന, പനി, ഛർദ്ദി, കഴുത്ത് തിരിക്കാനും വെളിച്ചത്തിലേക്ക് നോക്കാനും ബുദ്ധിമുട്ട് എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

&&&&&&&&&&&&&&&&&&&&&&

## SUPPLY CO – GR ANIL

സപ്ലൈകോ , ശബരി ബ്രാൻഡിൽ അഞ്ചു പുതിയ ഉത്പന്നങ്ങൾ ഇന്ന് പുറത്തിറക്കും. എറണാകുളം ബോൾഗാട്ടി പാലസിൽ നടക്കുന്ന ചടങ്ങ് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും. അരിപ്പൊടി, പായസം മിക്സ്, പഞ്ചസാര, ഉപ്പ്, പാലക്കാടൻ മട്ട എന്നിവയാണ് പുതിയ ഉത്പന്നങ്ങൾ.

&&&&&&&&&&&&&&&&&&&&&&

## RAIN – KERALA

കേരളത്തിൽ ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം മുതൽ കോഴിക്കോട് വരെയുള്ള ആറു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് നാളെ വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, മുൻകൂട്ടി

നിശ്ചയിച്ച പൊതു പരീക്ഷകൾ, അഭിമുഖങ്ങൾ, നവോദയ വിദ്യാലയം, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവയ്ക്ക് അവധി ബാധകമല്ല.

&&&&&&&&&&&&&&&&&&&&&&

## HUMANITARIAN DAY (INTRO)

ഇന്ന് ലോക മാനുഷിക ദിനം. ലോകമെമ്പാടുമുള്ള മാനുഷിക പ്രവർത്തകരെ ആദരിക്കുകയും മാനുഷിക പ്രതിസന്ധികളെക്കുറിച്ച് അവബോധം വളർത്തുകയും ചെയ്യുന്നതിനാണ് ഈ ദിനം ലക്ഷ്യം വെക്കുന്നത്.
**ഒരു റിപ്പോർട്ട്............**

**(വോയിസ്)**

## HUMANITARIAN DAY (VOICE)

2003-ൽ ഇറാഖിലെ ബാഗ്ദാദിലുള്ള ഐക്യരാഷ്ട്രസഭ ആസ്ഥാനത്ത് നടന്ന ബോംബാക്രമണത്തിന്റെ സ്മരണയ്ക്കായി ഐക്യരാഷ്ട്രസഭ പൊതുസഭയാണ് ഓഗസ്റ്റ് 19 ലോക മാനുഷിക ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. "ആഗോള ഐക്യദാർഢ്യം ശക്തിപ്പെടുത്തുക പ്രാദേശിക സമൂഹങ്ങളെ ശാക്തീകരിക്കുക" എന്നതാണ് 2025 ലെ ദിനാചരണ പ്രമേയം. ആഗോള പ്രതിസന്ധികളെ അഭിസംബോധന ചെയ്യുന്നതിൽ അന്താരാഷ്ട്രതലത്തിലുള്ള ഐക്യം പ്രധാനമാണ്. സംഘർഷ മേഖലകളിലും ദുരന്ത മേഖലകളിലും സാധാരണക്കാരെ സംരക്ഷിക്കുകയും സഹായം നൽകുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെ ഓർമ്മിക്കുന്ന ദിനം കൂടിയാണ് ഇന്ന്.

ന്യൂസ് ഡെസ്ക് ആകാശവാണി.............

&&&&&&&&&&&&&&&&&&&&&&

## HAMAS-GAZA CEASEFIRE

ഗാസയിൽ വെടിനിർത്തലിനായി കൊണ്ടുവന്ന പുതിയ നിർദ്ദേശം ഹമാസ് അംഗീകരിച്ചു. ഖത്തറിന്റെയും ഈജിപ്റ്റിന്റെയും മധ്യസ്ഥതയിൽ നടന്ന ചർച്ചയിലാണ് വെടിനിർത്തലിന് ഹമാസ് സമ്മതം അറിയിച്ചിരിക്കുന്നത്. കൂടാതെ10 ബന്ദികളെ മോചിപ്പിക്കാനുള്ള നിർദ്ദേശവും അംഗീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## RIJIJU CONGRATULATED – HILANG

ഭൂട്ടാനിൽ നടക്കുന്ന സൗത്ത് ഏഷ്യൻ ബോഡിബിൽഡിംഗ് & ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ സ്വർണവും വെള്ളിയും നേടിയ ഇന്ത്യയുടെ വനിതാ ബോഡിബിൽഡർ ഹില്ലാങ് യാജിക്കിനെ കേന്ദ്രമന്ത്രി കിരൺ റിജിജു അഭിനന്ദിച്ചു. യാജിക്കിന്റെ നേട്ടത്തെ അഭിനന്ദിച്ച കേന്ദ്ര മന്ത്രി വരാനിരിക്കുന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഉൾപ്പെടെയുള്ള മത്സരങ്ങൾക്ക് ആശംസകളും നേർന്നു. രാജ്യത്തുടനീളം കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യൻ ബോഡിബിൽഡേഴ്സ് ഫെഡറേഷൻ നടത്തുന്ന തുടർച്ചയായ ശ്രമങ്ങളെയും കേന്ദ്രമന്ത്രി പ്രശംസിച്ചു.

&&&&&&&&&&&&&&&&&&&&&&

## SHOOTING GOLD

കസാക്കിസ്ഥാനിൽ നടക്കുന്ന പതിനാറാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ ഇന്ത്യയുടെ ഗിരീഷ് ഗുപ്ത സ്വർണം നേടി. ഫൈനലിൽ 241.3 പോയിന്റ് നേടി ഇന്ത്യൻ താരമായ ദേവ് പ്രതാപിനെയാണ് ഗിരീഷ് പരാജയപ്പെടുത്തിയത്. ജൂനിയർ 10 മീറ്റർ എയർ പിസ്റ്റളിൽ ഇന്ത്യയുടെ കപിൽ ബെയ്ൻസ്ല സ്വർണം നേടി. ഇതോടെ ഇന്ത്യ രണ്ട് സ്വർണവും മൂന്ന് വെള്ളിയും നേടി. ഏഷ്യൻ ഷൂട്ടിംഗ്

ചാമ്പ്യൻഷിപ്പിന്റെ രണ്ടാം ദിനമായ ഇന്ന് വിവിധ വിഭാഗങ്ങളിലായി വനിതാ എയർ പിസ്റ്റൾ ഫൈനലുകൾ നടക്കും.

&&&&&&&&&&&&&&&&&&&&&&

## TENNIS-CINCINNATI OPEN

ഒഹിയോയിൽ നടന്ന സിൻസിനാറ്റി ഓപ്പൺ ടെന്നീസിൽ, കന്നി കിരീടം സ്വന്തമാക്കി ലോക രണ്ടാം നമ്പർ താരം കാർലോസ് അൽക്കരാസ്. നിലവിലെ ചാമ്പ്യനും ലോക ഒന്നാം നമ്പർ താരവുമായ യാനിക് സിന്നർ മത്സരത്തിനിടെ പിൻവാങ്ങിയതിനെ തുടർന്നാണ് അൽക്കരാസ് കിരീടം സ്വന്തമാക്കിയത്.

&&&&&&&&&&&&&&&&&&&&&&

## ARCHERY WORLD CHAMPIONSHIP

ലോക യൂത്ത് ആർച്ചറി ചാമ്പ്യൻഷിപ്പിന് ഇന്ന് കാനഡയിലെ വിന്നിപെഗിൽ തുടക്കമാകും. ഇന്ത്യയിൽ നിന്ന് 24 അംഗ ആർച്ചറി ടീം ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. ഈ മാസം 24 വരെ നീണ്ടുനിൽക്കുന്ന ടൂർണമെന്റിൽ 63 രാജ്യങ്ങളിൽ നിന്നുള്ള 570 താരങ്ങൾ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&

## WORLD WRESTLING-U20

ബൾഗേറിയയിൽ നടക്കുന്ന അണ്ടർ- 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ 57 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ സുമിത് മാലിക് ഫൈനലിൽ കടന്നു. സെമിഫൈനലിൽ, മോൾഡോവയുടെ അയോൺ ബൾഗാരുവിനെയാണ് സുമിത് പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&&&&

## PM – MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരമ്പര മൻ കി ബാത്ത് ഈ മാസം 31 ന്. പരിപാടിയുടെ 125-ാാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, ആഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&&&&&

## SUCHITHWABHERI–MB RAJESH

ദേശീയ നഗര ശുചിത്വ സർവേയിൽ മികച്ച മുന്നേറ്റം നടത്തിയ നഗരസഭകളെ ആദരിക്കുന്ന ശുചിത്വഭേരി 2025 പരിപാടി മന്ത്രി എം.ബി.രാജേഷ് നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഹരിതമിത്രം 2.0 യുടെ ഔദ്യോഗിക ലോഞ്ചിങ്ങും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിങ് ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. രാജ്യത്തെ നഗര ശുചിത്വ സർവേയിൽ ഇക്കുറി കേരളത്തിലെ എട്ട് നഗരങ്ങൾ ആദ്യ നൂറിലും, 82 നഗരങ്ങൾ ആദ്യ ആയിരത്തിലും ഇടംപിടിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&